# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T769 11.07.2016-ലെ മറുപടിക്ക്

## ദേശീയപാതയുടെ വീതികൂട്ടൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ** | **ശ്രീ.ജി.സുധാകരൻ**<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ). ആറ്റിങ്ങൽ പട്ടണത്തിലെ ദേശീയപാതയുടെ വീതികൂട്ടൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ). ആറ്റിങ്ങൽ നഗരത്തിൽ മൂന്നുമുക്കുമുതൽ പൂവൻപാറവരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന വേണ്ടിയുള്ള പ്രവൃത്തിയുടെ റീടെണ്ടർ നടപടിയുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി ജൂൺ 24-ാം തീയതി ടെക്നിക്കൽ ബിഡ്ഡുകളുടെ ഓപ്പണിംഗ് നടത്തുകയുണ്ടായി. ലഭിച്ച ബിഡ്ഡുകളുടെ സൂക്ഷ്മ പരിശോധന അന്തിമഘട്ടത്തിലാണ്. സൂക്ഷ്മ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (ബി). രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങലിൽ അടിയന്തിരമായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;. | ബി). ആറ്റിങ്ങൽ നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് നിലവിലെ രണ്ട് വരി ദേശീയപാത നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 22.75 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്ക് ആവശ്യമായ സ്ഥലം |

→

| | | |
|---|---|---|
| | | "ഫ്രീ സറണ്ടർ" ആയി കൈമാറും എന്ന് ആറ്റിങ്ങൽ നഗരസഭ ഉറപ്പ് നൽകിയിരുന്നു. പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിന് വേണ്ടി 06/06/2016-ൽ ആറ്റിങ്ങൽ സാംസ്കാരിക നിലയത്തിൽ വച്ച് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ. യുടെയും, ജില്ലാ കളക്ടറുടേയും അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ദേശീയപാതയുടെ ഭൂമി, പുറമ്പോക്ക് ഉൾപ്പെടെ അളന്നു തിട്ടപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റീടെണ്ടർ നടപടികൾ വഴി ലഭിച്ച ബിഡ്ഡുകളുടെ ഇവാല്യുവേഷൻ അന്തിമ ഘട്ടത്തിലാണ്. |
| **(സി).** | നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | **സി).** കരാറുകാരന് സൈറ്റ് കൈമാറുന്ന തീയതി മുതൽ 18 മാസം വരെയാണ് പൂർത്തീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള കാലാവധി |

**സെക്ഷൻ ഓഫീസർ**